## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.623** **30.06.2016-ൽ മറുപടിക്ക്**

**കാലപ്പഴക്കം വന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ നടപടി**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ.എസ്.ശർമ്മ :** | | **ശ്രീ. മാത്യു ടി.തോമസ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| എ. കടമക്കുടിയിൽ ശുദ്ധജല വിതരണ ശൃംഖലയിലെ കാലപ്പഴക്കം വന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കാത്തതു മൂലം ശുദ്ധജലം പാഴാകുന്നതും ശുദ്ധജലക്ഷാമം രൂക്ഷമാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ; | എ യും<br>ബി യും<br>സി യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടമക്കുടി പഞ്ചായത്തിലെ വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിലേയ്ക്കായി 1200 ലക്ഷം രൂപയുടെ ഒരു പദ്ധതി കോംപ്രഹെൻസീവ് ഡെവലപ്മെന്റ് പ്ലാനിന്റെ (സി.ഡി.പി) ഭാഗമായി സർക്കാരിന്റെ പരിഗണനയിലുണ്ട്. കൂടാതെ, പൈപ്പുകൾ പൊട്ടുമ്പോൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി ജലവിതരണം സുഗമമായി നടക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി. കാലപ്പഴക്കം വന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുവാനുള്ള നിർദ്ദേശം നൽകുമോ; | | |
| സി. പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിൽ തടസ്സങ്ങളുണ്ടെങ്കിൽ വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ